**വിവരാവകാശം/മറുപടി**

നം. E2-5761/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 03.05.2018.
Email - swdkerala@gmail.com
Phone : 0471 - 2306040

Fcd on 5/5/18

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം.

ശ്രീ. ശരത്കുമാർ എസ്.,
ചക്കാലവിളയിൽ,
കൊട്ടമൺ പി.ഒ., രണ്ടാംകുറ്റി,
പത്തനംതിട്ട.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സർക്കാർ കത്ത് നം. 2439628/എ2/2018/സാ.നീ.വ., തീയതി. 21.04.2018.

2) താങ്കളുടെ 13.04.2018-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമമനുസരിച്ച് സൂചന (2) പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ സൂചന (1)-ലെ കത്തിനോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

1. വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

    1.A കണക്കാക്കിയിട്ടില്ല.

    1.B ഒഴിവുകൾ മാറ്റി വച്ചിട്ടില്ല.

2. 31.03.2018 മുതൽ നാളിതുവരെ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടില്ല.

    2.A ബാധകമല്ല.

    2.B ബാധകമല്ല.

AN

3. ടി വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ അവശേഷിക്കുന്നില്ല.

4. വകുപ്പിന് കീഴിൽ ക്ലർക്ക് തസ്തികയിലുള്ള ഒഴിവുകളിൽ തരംതിരിവില്ല.

   4.A വകുപ്പിലെ ഒഴിവുകൾ എല്ലാം PSCയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

   4.B വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ താൽക്കാലിക/ദിവസ വേതന/കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ആരും തന്നെയില്ല.

   4.C ക്ലർക്ക് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച ജീവനക്കാർ ആരും തന്നെയില്ല.

5. 28.03.2017 തീയതിയിലെ E4 923/15 നം. ഉത്തരവ് പ്രകാരമാണ് പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ അവസാനം PSC മുഖേന നിയമനം നടന്നിട്ടുള്ളത്.

   5.A 20.04.2016 തീയതിയിലെ E4-4617/15(1) നം. ഉത്തരവ് പ്രകാരമാണ് പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ അവസാനം ആശ്രിത നിയമനം നടന്നിട്ടുള്ളത്.

   5.B താൽക്കാലിക/ദിവസ വേതന/കരാർ വ്യവസ്ഥയിൽ ക്ലർക്ക് തസ്തികയിൽ ആരും തന്നെ പത്തനംതിട്ട ജില്ലയിൽ ഈ വകുപ്പിൽ ജോലി ചെയ്യുന്നില്ല.

   5.C ഈ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിലേയ്ക്ക് മറ്റൊരു തരത്തിലും സ്ഥിര/താൽക്കാലിക നിയമനം നടന്നിട്ടില്ല.

   5.D 2015 ജനുവരി മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒരു NJD ഉൾപ്പെടെ 4 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 2 എണ്ണം PSCയ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തി 1 എണ്ണം ആശ്രിത നിയമനം മുഖേനയും 1 എണ്ണം ഓഫീസ് അറ്റൻഡന്റ് ബൈ ട്രാൻസ്ഫർ മുഖേനയും നികത്തപ്പെട്ടിട്ടുണ്ട്.

ചോദ്യം നം. 6, 6A എന്നിവയ്ക്കുള്ള വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽപ്പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ **ഗീത കെ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം** എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**രാജീവ് കുമാർ എസ്.**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**& സീനിയർ സൂപ്രണ്ട്**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്**

AN